# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 672:** **06/02/2013- ൽ മറുപടിക്ക്**

### വ്യവസായ വകുപ്പിന്റെ സംരംഭകത്വ സഹായ പദ്ധതി

**ചോദ്യം** **ഉത്തരം**

**ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വ്യവസായ മേഖലയ്ക്ക് പുത്തനുണർവ്വ് നൽകുവാനായി വ്യവസായ വകുപ്പ് സംരംഭകത്വ സഹായ പദ്ധതി (ഇ. എസ്. എസ്) നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിനുള്ള ചട്ടങ്ങൾ അംഗീകരിച്ച് കൊണ്ട് ഉത്തരവിറങ്ങിയിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. സ. ഉ. (എം. എസ്) നം. 156/2012/വ്യവ 28/12/12-ലെ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഏതെല്ലാം സഹായങ്ങൾ ഈ പദ്ധതി പ്രകാരം ലഭിക്കും എന്ന് വ്യക്തമാക്കുമോ; | (സി) | വ്യവസായ സംരംഭം തുടങ്ങാനുള്ള സഹായം, നിക്ഷേപ സഹായം, സാങ്കേതിക വിദ്യ, തൊഴിൽ വൈദഗ്ധ്യം തുടങ്ങിയവ നേടാനുള്ള സഹായം എന്നിവ ലഭ്യമാകും.<br>ഈ പദ്ധതി വഴി അർഹരായ സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾക്കായി ലഭിക്കുന്ന ആനുകൂല്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>• എം.എസ്.എം.ഇ. സംരംഭകർക്ക് മൂലധന നിക്ഷേപത്തിന്റെ 15% സഹായധനം-20 ലക്ഷം വരെ. |

| | | | |
|---|---|---|---|
| | | | • വനിതാ, പട്ടികജാതി/പട്ടികവർഗ്ഗ സംരംഭകർ, യുവ സംരംഭകർ എന്നിവർക്ക്-മൂലധനത്തിന്റെ 20% സഹായധനം-30 ലക്ഷം വരെ.<br>• റബ്ബർ, ഭക്ഷ്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ തുടങ്ങുന്ന വ്യവസായങ്ങൾക്ക് മൂലധനത്തിന്റെ 10% അധിക സഹായധനം-10 ലക്ഷം വരെ.<br>• വയനാട്, ഇടുക്കി, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ വ്യവസായം തുടങ്ങുന്നവർക്ക് 10% അധിക ധനസഹായം- 10 ലക്ഷം വരെ.<br>• നൂതന സാങ്കേതിക വിദ്യ അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ആർജ്ജിക്കുന്നതിന് ധനസഹായം- 10 ലക്ഷം വരെ. |
| (ഡി) | ഇതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും ഇതിനുള്ള അപേക്ഷ എവിടെയാണ് സമർപ്പിക്കേണ്ടതെന്നും വ്യക്തമാക്കുമോ; | | സംരംഭകത്വ സഹായ പദ്ധതി പ്രകാരമുള്ള അപേക്ഷകൾ ജില്ലാ വ്യവസായ കേന്ദ്രത്തിലാണ് സ്വീകരിക്കുന്നത്.<br>രണ്ടു കോടി വരെ മൂലധന നിക്ഷേപമുള്ള അപേക്ഷകൾ ജില്ലാതല കമ്മിറ്റിയും അതിനു മുകളിൽ മൂലധന പരിധിയുള്ള അപേക്ഷകൾ സംസ്ഥാനതല കമ്മിറ്റിയും പാസാക്കുന്നതാണ്. സംരംഭം തുടങ്ങാനുള്ള സഹായം പാസാക്കുന്നത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരാണ്.<br>മേൽപ്പറഞ്ഞ സാരംഭകത്വ സഹായങ്ങൾ വിതരണം ചെയ്യുന്നത് ജില്ലാ വ്യവസായ കേന്ദ്രങ്ങളാണ്. നിക്ഷേപത്തിന്മേലുള്ള സഹായവും, നൂതന സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിനുള്ള സഹായവും അനുവദിക്കുന്നത് കളക്ടർ ചെർമാനായ ജില്ലാതല കമ്മിറ്റിയാണ്.<br>സാധാരണ അപേക്ഷ ഫീസായി 1000 രൂപയും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ 500/- രൂപയും അടയ്ക്കണം. |

| | | | |
|---|---|---|---|
| (ഇ) | ബാങ്ക് വായ്പ ഇല്ലാതെ സംരംഭങ്ങൾ ആരംഭിക്കുന്നവർക്കും ഈ സഹായം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ബാങ്ക് വായ്പ ഇല്ലാത്തവർക്കും ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട്, സാങ്കേതിക വിദ്യ, തൊഴിൽ വൈദഗ്ധ്യം തുടങ്ങിയ നേടാനുള്ള സഹായം എന്നിവ ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്